*No.004/2012/CL Dtd:22.10.2012* *Latin Archdiocese of Trivandrum, Vellayambalam*

# വിജ്ഞാപനം

## 2013-2014 ലെ ബി.സി.സി.-ഇടവക-ഫൊറോന-രൂപത പങ്കാളിത്ത ഘടനകളിലേയ്ക്കുള്ള പുതിയ നേതൃത്വത്തിന്റെ തെരഞ്ഞെടുപ്പ്

വന്ദ്യ വൈദികരേ, പ്രിയ മക്കളേ,

അതിരൂപതയിലെ വിവിധ തലങ്ങളിലുള്ള (ബി.സി.സി-ഇടവക-ഫൊറോന-രൂപത) പങ്കാളിത്ത ഘടനകളിലും സമിതികളിലും പ്രവർത്തിക്കുന്നവരുടെ കാലാവധി 2012 ഡിസംബർ 31-ന് പൂർത്തിയാവുകയാണല്ലോ. തുടർന്ന് എല്ലാ ഇടവകകളിലും, 2013 ജനുവരി 6-ന് തന്നെ അടുത്ത രണ്ടുവർഷത്തിലേയ്ക്കുള്ള പുതിയ നേതൃത്വം നിലവിൽ വരേണ്ടതുണ്ട്. ഈ മാസം (ഒക്ടോബർ ) 11-ന് 'വിശ്വാസ വർഷം' അതിരൂപതയിൽ ഉൽഘാടനം ചെയ്യുകയുണ്ടായി. ഈ സന്ദർഭത്തിൽത്തന്നെ സിനഡ് രേഖ എല്ലാവർക്കും ലഭ്യമാക്കുകയാണ്. ഫൊറോന-ഇടവക വികേന്ദ്രീകൃത പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്ന ഒരു പശ്ചാത്തലത്തിലാണ് നാമിപ്പോൾ.

സഭ ക്രിസ്തു കേന്ദ്രീകൃതമായ ഒരു വിശ്വാസ സമൂഹമാണ്, ഈ ലോകത്തിലായിരുന്നുകൊണ്ട് ക്രിസ്തുവിന്റെ ദൗത്യം തുടരുവാൻ വിളിക്കപ്പെട്ടവർ. വിശ്വാസ സമൂഹത്തിലെ ഓരോ അംഗവും ഇതിൽ സജ്ജീവമായി പങ്കുചേരേണ്ടവരാണ്. ഇക്കഴിഞ്ഞ രണ്ടു ദശാബ്ദത്തിലേറെയായി നമ്മുടെ പ്രാദേശിക സഭയിൽ പങ്കാളിത്ത ഘടനകളും സംവിധാനങ്ങളും ശുശ്രൂഷാ സമിതികളും രൂപപ്പെടുത്തുന്നതിൽ നാം ബഹുദൂരം മുന്നേറി. എന്നാൽ ഇവയൊക്കെ ചലനാത്മകവും ഫലപ്രദവുമാക്കുവാൻ ഉതകുന്ന കാര്യപ്രാപ്തിയും അർപ്പണബോധവുമുള്ള പ്രവർത്തകരെയും ശുശ്രൂഷകരെയും നേതൃത്വത്തെയും കണ്ടെത്തുന്നതിലും പരിശീലിപ്പിക്കുന്നതിലും ഇനിയും നാം ഏറെ മുന്നേറേണ്ടതുണ്ട്.

ഈ പശ്ചാത്തലത്തിൽ നവംബർ - ഡിസംബർ മാസങ്ങളിൽ നടക്കാൻ പോകുന്ന ബി.സി.സി. ഭാരവാഹികളുടെയും വിവിധ ശുശ്രൂഷാ സമിതികളുടെയും ഇടവക കൗൺസിലുകളുടെയും തെരഞ്ഞെടുപ്പിനെ താല്പര്യപൂർവ്വം നാം കാണണം.

വിജ്ഞാനവും വിവേകവും പക്വതയും കഴിവുകളുമുള്ളവർ ഒഴിഞ്ഞുമാറി നിൽക്കരുത്. ഉദ്ദേശശുദ്ധിയും യോഗ്യതയുമില്ലാത്തവർ നേതൃസ്ഥാനത്തേയ്ക്ക് കടന്നുവരികയും അരുത്. സഭാ ശുശ്രൂഷ ഒരു ദൈവവിളിയായി കരുതി സ്വയം സമർപ്പിക്കാനുള്ള വിശാല മനോഭാവം നമുക്കുണ്ടാകണം.

നല്ലൊരു നേതൃത്വത്തെ തെരഞ്ഞെടുക്കുന്ന പ്രക്രിയ വിജയപ്രദമായി നിർവ്വഹിക്കാൻ നമുക്ക് സാധിക്കണം. ഇതിന് എല്ലാ അല്മായ സഹോദരങ്ങളുടെയും, സന്ന്യസ്തരുടെയും, വൈദികരുടെയും സഹകരിച്ചുള്ള പ്രവർത്തനം കൂടിയേ തീരൂ. ദൈവാരൂപിയുടെ പ്രേരണകൾക്കും പ്രചോദനങ്ങൾക്കും നമുക്ക് ഹൃദയതുറവിയുള്ളവരാകാം. ഈ സംരംഭത്തിന്റെ വിജയത്തിനായി നിങ്ങളുടെ ഓരോരുത്തരുടെയും ആത്മാർത്ഥമായ സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു.

**തെരഞ്ഞെടുപ്പ് സമയക്രമീകരണം**

1. **2012 ഒക്ടോബർ 28 - ഞായർ** : തെരഞ്ഞെടുപ്പു സംബന്ധിച്ച ഈ വിജ്ഞാപനം ഇടവകകളിൽ വായിക്കുന്നു.
2. **ഒക്ടോബർ 28, നവംബർ 4, 11** തിയതികളിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ തെരഞ്ഞെടുപ്പിനെക്കുറിച്ച്

ജനങ്ങളെ ഉത്ബോധിപ്പിക്കുകയും വേണ്ട മുന്നൊരുക്കം നടത്തുകയും ചെയ്യുന്നു.

3. **നവംബർ 15-30** - ബി.സി.സി. കളിൽ തെരഞ്ഞെടുപ്പ് നടക്കുന്നു.
4. **ഡിസംബർ 1-15**
   a. ജനറൽബോഡി യോഗം ചേർന്ന് ഇന്റേർണൽ ആഡിറ്റിങ് കമ്മിറ്റിയെ തെരഞ്ഞെടുക്കുന്നു.
   b. പുരുഷ ലീഡർ, സ്ത്രീ ലീഡർ, ബി.സി.സി. സെക്രട്ടറി, ട്രഷറർ എന്നിവരടങ്ങുന്ന സമിതി സമ്മേളിച്ച് ബി.സി.സി. കോ-ഓർഡിനേറ്ററെ തെരഞ്ഞെടുക്കുന്നു.
   c. വിവിധ ശുശ്രൂഷകളുടെ ജനറൽ ബോഡി വേവ്വേറെ സമ്മേളിച്ച് ശുശ്രൂഷാ കൺവീനർമാരെ തെരഞ്ഞെടുക്കുന്നു.
   d. ഇടവക കൗൺസിലുകൾ രൂപീകരിക്കുന്നു.
5. **ഡിസംബർ 17 തിങ്കൾ, 6 pm - ഡിസംബർ 18 ചൊവ്വ** - അതിരൂപത വൈദിക സമ്മേളനം (Presbyterium). ഈ സമ്മേളനത്തിൽവെച്ച് വൈദിക സെനറ്റിന്റെ തെരഞ്ഞെടുപ്പ്.
6. **2013 ജനുവരി 06** - പുതിയ ഇടവക കൗൺസിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞ. ഇടവക കൗൺസിൽ അംഗങ്ങളാകുന്നവർ നിർബന്ധമായും പരിശീലന പരിപാടിയിൽ പങ്കെടുക്കണം എന്ന സിനഡ് തീരുമാനം പ്രായോഗികമാക്കുന്നതിനുവേണ്ടിയാണ്, പരിശീലന പരിപാടിയിൽ എല്ലാവർക്കും പങ്കെടുക്കാൻ അവസരമുണ്ടാക്കിക്കൊണ്ട് സത്യപ്രതിജ്ഞാ ദിവസം ജനുവരി 6 വരെ നീട്ടിയിട്ടുള്ളത്.
7. **ജനുവരി 6-13** - പ്രഥമ ഇടവക കൗൺസിൽ യോഗം. ഇതിൽ കൗൺസിൽ ഭാരവാഹികളെയും, അതിരൂപത പാസ്റ്ററൽ കൗൺസിൽ പ്രതിനിധി, ഇടവക ഫിനാൻസ് കമ്മിറ്റി, ഇന്റേർണൽ ആഡിറ്റ് കമ്മിറ്റി, തർക്കപരിഹാര സമിതി അംഗങ്ങളെയും തെരഞ്ഞെടുക്കുന്നു.
8. **ജനുവരി 13-20** - ഫെറോന കൗൺസിൽ, മറ്റ് ഫെറോന സമിതികൾ എന്നിവയുടെ രൂപീകരണം.
9. **ജനുവരി 26** - പത്താമത് അതിരൂപത അജപാലന സമിതിയുടെ പ്രഥമ യോഗം.

**ഇടവക കൗൺസിലുകൾക്കുള്ള പരിശീലനം**

1. **07 ഡിസംബർ 5.30 pm - 08 ഡിസംബർ 4 pm** അതിരൂപത തലത്തിൽ പരിശീലകർക്കുള്ള പരിശീലനം (ഫെറോന തലത്തിൽ ഇടവക കൗൺസിൽ അംഗങ്ങൾക്ക് പരിശീലനം നൽകുന്നവർക്കായുള്ള പരിശീലനം). ഓരോ ഫെറോനയിൽ നിന്നും ഫെറോന വൈദിക സെക്രട്ടറി ഉൾപ്പെടെ 5-10 പേരടങ്ങുന്ന ഒരു ടീമിനെ ഫെറോന വികാരിമാർ പങ്കെടുപ്പിക്കുക.
2. **ഡിസംബർ 16 - ജനുവരി 5** - ഇടവക കൗൺസിൽ അംഗങ്ങൾക്ക് ഫെറോനതലത്തിൽ ഫെറോനയുടെ നേതൃത്വത്തിൽ പരിശീലനം.
3. **ജനുവരി 10-25** ഫെറോന വികാരിമാരുടെ നേതൃത്വത്തിൽ സാമ്പത്തിക സമിതി അംഗങ്ങൾക്കുള്ള പരിശീലനവും, സാമ്പത്തിക സമിതികളുടെ സത്യപ്രതിജ്ഞയും. സത്യപ്രതിജ്ഞയിൽ സമിതിയുടെ പ്രസിഡണ്ടായ വികാരി നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. ഇടവക തെരഞ്ഞെടുപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം ഇടവക വികാരിക്കും ഇപ്പോൾ നിലവിലുള്ള ഇടവക കൗൺസിൽ അംഗങ്ങൾക്കുമായിരിക്കും.
2. ബി.സി.സി. യൂണിറ്റിന്റേയും, ഇടവക കൗൺസിലിന്റേയും തെരഞ്ഞെടുപ്പ് ഫലപ്രദവും ന്യൂനമറ്റതുമാക്കുവാൻ ഇടവകയിൽ ഒരു തെരഞ്ഞെടുപ്പ് സഹായ സമിതിക്ക് (Election Commission) രൂപം നൽകുന്നത് ഉചിതമായിരിക്കും. കൗൺസിൽ തെരഞ്ഞെടുപ്പിന് മുമ്പ് കൂടുന്ന ജനറൽ ബോഡി യോഗത്തിൽ വച്ച് ഔദ്യോഗിക അംഗങ്ങളായ ഇടവക വികാരി, സഹവികാരി, സിസ്റ്റർ പ്രതിനിധി എന്നിവർക്ക് പുറമേ മൂന്ന് പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി തെരഞ്ഞെടുപ്പ് സമിതിക്ക് രൂപം കൊടുക്കാവുന്നതാണ്.
3. ബി.സി.സി. യൂണിറ്റ് തെരഞ്ഞെടുപ്പ് അതിരൂപതയിൽ നിന്നും പ്രസിദ്ധീകരിച്ച അടിസ്ഥാന ക്രൈസ്തവ സമൂഹ മാർഗ്ഗരേഖയനുസരിച്ചും, ഇടവക കൗൺസിൽ, ധനകാര്യ സമിതി, ഇന്റേർണൽ ആഡിറ്റ് കമ്മിറ്റി, എന്നിവയുടെ തെരഞ്ഞെടുപ്പ് അതിരൂപത അനുശാസിക്കുന്ന നിയമാവലിയനുസരിച്ചുമാണ് നടത്തേണ്ടത്.
4. ബി.സി.സി. യൂണിറ്റ് തല തെരഞ്ഞെടുപ്പിന്റേയും, ഇടവക കൗൺസിലിന്റേയും, ധനകാര്യസമിതിയുടേയും,

ഇന്റേർണൽ ആഡിറ്റ് കമ്മിറ്റി തെരഞ്ഞെടുപ്പ് തിയതി, സമയം, സ്ഥലം എന്നിവ വ്യക്തമായി രണ്ട് ഞായറാഴ്ച്ചകളിൽ ദിവ്യബലി മധ്യേ ജനങ്ങളെ അറിയിച്ചശേഷം തെരഞ്ഞെടുപ്പിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

5. ബി.സി.സി. യൂണിറ്റുതല തെരഞ്ഞെടുപ്പിന് മുമ്പായി ഓരോയൂണിറ്റിൽ നിന്നും തെരഞ്ഞെടുപ്പിൽ പങ്കെടുക്കാനർഹതയുള്ള കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി ജനങ്ങളെ അറിയിക്കണം.
6. ഇടവക കൗൺസിൽ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ യോഗ്യത.
   a. കൗൺസിൽ അംഗങ്ങളാകുന്നവർ 25 വയസ്സെങ്കിലും പ്രായമുള്ളവരും (കെ.സി.വൈ.എം പ്രതിനിധി ഒഴികെ) ഉത്തമ കത്തോലിക്കരും ബി.സി.സി. യൂണിറ്റ് യോഗങ്ങളിൽ പങ്കെടുക്കുന്നവരുമായിരിക്കണം.
   b. തിരുസഭയുടെ ശിക്ഷയിൽപ്പെട്ടിട്ടുള്ളവരും വർഷത്തിലൊരിക്കലെങ്കിലും കുമ്പസാരവും വിശുദ്ധ കുർബാനയും സ്വീകരിക്കാത്തവരും, കുറ്റകൃത്യങ്ങളിലേർപ്പെട്ട് കോടതി ശിക്ഷയ്ക്ക് വിധേയരായവരും നിരീശ്വര പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവരുമായ ഇടവകാംഗങ്ങൾ കൗൺസിൽ അംഗങ്ങളായിരിക്കുവാൻ പാടുള്ളതല്ല.
7. കൗൺസിൽ അംഗങ്ങളെ തിരഞ്ഞെടുക്കുമ്പോൾ 30 ശതമാനത്തിൽ കുറയാതെ വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി റൊട്ടേഷൻ ക്രമത്തിൽ വനിതായൂണിറ്റ് / വാർഡുകൾ / ശുശ്രൂഷകൾ എന്നിവ മുൻകൂട്ടി നിശ്ചയിക്കേണ്ടതാണ്.
8. തെരഞ്ഞെടുപ്പിന് മുൻപായി തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ യോഗ്യതകളും അവരുടെ കടമകളും ഉത്തരവാദിത്തങ്ങളും ജനങ്ങൾക്ക് വിശദമാക്കിക്കൊടുക്കണം (Ref. അടിസ്ഥാന ക്രൈസ്തവ സമൂഹ മാർഗരേഖ, പരിഷ്ക്കരിച്ച പതിപ്പ്).
9. ഓരോ ശുശ്രൂഷാ സമിതിയിലേയ്ക്കും തെരഞ്ഞെടുക്കപ്പെടുന്നവർ അതാത് ശുശ്രൂഷയുടെ ദൗത്യത്തെക്കുറിച്ചുള്ള അറിവും, അതിനോട് താല്പര്യവും ഉള്ളവരായിരിക്കണം.
10. ഇടവക ബി.സി.സി. കോർഡിനേറ്ററിനേയും മൂന്ന് ശുശ്രൂഷാ സമിതി കണവീനർമാരേയും ഇടവക വികാരിയുടെ സാന്നിദ്ധ്യത്തിലായിരിക്കണം തെരഞ്ഞെടുക്കേണ്ടത്.
11. തുടർച്ചയായി രണ്ട് തവണയിൽ കൂടുതൽ ഒരംഗത്തിന് ഇടവക കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാൻ പാടുള്ളതല്ല.
12. ബി.സി.സി. തല തിരഞ്ഞെടുപ്പിനുവേണ്ടി അതിരൂപത ബി.സി.സി. കമ്മിഷൻ തയ്യാറാക്കിയ ബി.സി.സി. യോഗക്രമ സഹായി ഉപയോഗിക്കുക.
13. തിരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികളുടെ ലിസ്റ്റ് ഇടവക കാര്യാലയത്തിൽ സൂക്ഷിക്കുകയും, അതിന്റെ പകർപ്പ് മേൽഘടകങ്ങളിൽ ആവശ്യപ്പെടുന്ന പ്രകാരം ഏല്പിക്കുകയും ചെയ്യുക.

ഇടവക സമൂഹത്തെ ശുശ്രൂഷാ മനോഭാവത്തോടെ നയിക്കുവാനും യേശുവിന്റെ ദൗത്യം ഇന്നത്തെ ചുറ്റുപാടുകളിൽ ശരിയായി നിർവ്വഹിക്കുവാനും പര്യാപ്തമായ നല്ലൊരു നേതൃത്വം നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളേവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

---

വെള്ളയമ്പലം
22.10.2012

† സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലീത്ത

***NB:*** *ഈ വിജ്ഞാപനത്തിന്റെ പ്രസക്തഭാഗങ്ങൾ 2012 ഒക്ടോബർ മാസം 28-ാം തിയതി ദിവ്യബലി മദ്ധ്യേ വായിച്ചു വിശദീകരിക്കേണ്ടതാണ്.*